LIBRARY ARCHIVES Kerala Legislative Assembly

കോവിഡ് വാക്സിൻ ലഭ്യമാക്കുന്നതിനുള്ള ചെലവ്

7 (3428) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും കോവിഡ് വാക്സിൻ ലഭ്യമാക്കുക എന്ന നയത്തിന്റെ ഭാഗമായി ധനവകുപ്പിന് ചെലവായ തുക എത്രയെന്നും വാങ്ങിയ വാക്സിന്റെ അളവ് എത്രയെന്നും വ്യക്തമാക്കുമോ?

നടപ്പു സാമ്പത്തിക വർഷം 2210-80-190-36 (NP) Grant-in-aid to KMSCL എന്ന ശീർഷകത്തിൽ വകയിരുത്തിയ 324 കോടി രൂപയിൽനിന്നും 318.2747 കോടി രൂപ വ്യക്തിഗത സംരക്ഷണ കിറ്റുകൾ, ടെസ്റ്റ് കിറ്റുകൾ, Critical care equipment, കോവിഡ് വാക്സിൻ എന്നിവയ്ക്ക് വേണ്ടി ചെലവഴിക്കാൻ KMSCL-ന് അനുമതി നൽകിയിട്ടുണ്ട്. ആകെ 13,42,540 ഡോസ് കോവിഡ് വാക്സിൻ സംഭരിച്ചതിൽ 884290 ഡോസ് കോവിഡ് വാക്സിന്റെ വിലയായി 29,29,97,250 രൂപ വാക്സിൻ കമ്പനികൾക്ക് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത നയം നടപ്പാക്കാൻ വിവിധ മേഖലകളിൽനിന്നും എത്ര തുകയുടെ സഹായം ലഭ്യമായി; വിശദാംശം ലഭ്യമാക്കുമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 27-3-2020 മുതൽ 30-7-2021 വരെ 817.50 കോടി രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്.

(സി) എല്ലാവർക്കും വാക്സിൻ ഉറപ്പാക്കുന്നതിനായി ആകെ ആവശ്യമുള്ള തുക എത്രയെന്നും ഇതുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന കേന്ദ്ര സഹായങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

രാജ്യത്തെ നിലവിലുള്ള വാക്സിൻ നയം പ്രകാരം 18 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാവർക്കും കോവിഡ് വാക്സിൻ സൗജന്യമാണ്.

തൊഴിലുറപ്പ് പദ്ധതിയിലെ വേതന കുടിശ്ശിക

8(3429) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടവരുടെ 15-7-2020 മുതലുള്ള വേതന കുടിശ്ശിക നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നൽകുന്നതിനുവേണ്ടി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

2020-21 സാമ്പത്തിക വർഷം അയ്യൻകാളി നഗരതൊഴിലുറപ്പു പദ്ധതിക്കായി 105.21 കോടി രൂപ വകയിരുത്തുകയും ആയത് നഗരസഭകൾക്ക്

വിതരണം ചെയ്തിട്ടുള്ളതുമാണ്. 2021-22 സാമ്പത്തിക വർഷം പദ്ധതിക്കായി 100 കോടി രൂപ വകയിരുത്തിയിട്ടുള്ളതും നാളിതുവരെ 32.50 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്. 15-7-2020 മുതൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) അവിദഗ്ധ തൊഴിലാളികൾക്ക് നൽകുന്ന വേതനത്തിൽ കുടിശ്ശികയില്ല. എന്നാൽ 2020-21 സാമ്പത്തിക വർഷം ടൈബൽ പ്ലസ് പദ്ധതിയിൽ 12.11 കോടി രൂപ വേതന ഇനത്തിൽ കുടിശ്ശികയുണ്ടായിരുന്നു. അതിൽ 9 കോടി രൂപ 28-7-2021-ന് അനുവദിച്ചിട്ടുണ്ട്. ബാക്കി നൽകുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

(ബി) കോവിഡ് കാരണം തൊഴിലാളികൾക്ക് നൽകേണ്ട തൊഴിൽ ദിനങ്ങളിൽ കുറവുണ്ടായിട്ടുണ്ടോ; നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ, തൊഴിൽദിന കുടിശ്ശികയായി കണക്കാക്കി പിന്നീട് അനുവദിച്ച് നൽകുമോ; വിശദമാക്കാമോ?

ഇല്ല. 2019-20 സാമ്പത്തിക വർഷം അയ്യൻകാളി നഗരതൊഴിലുറപ്പു പദ്ധതിയുടെ കീഴിൽ 26.80 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും ടി സാമ്പത്തിക വർഷം 64.25 കോടി രൂപ നഗരസഭകൾ ചെലവഴിച്ചിട്ടുള്ളതുമാണ്. 2020-21 സാമ്പത്തിക വർഷം അയ്യൻകാളി നഗരതൊഴിലുറപ്പു പദ്ധതിയുടെ കീഴിൽ 32.53 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും 90.57 കോടി രൂപ നഗരസഭകൾ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ 2020-21 സാമ്പത്തിക വർഷം 6 ലക്ഷത്തിൽപ്പരം തൊഴിൽ ദിനങ്ങളുടെ വർധനവും നഗരസഭാ തലത്തിൽ ചെലവഴിച്ച തുകയിൽ 26 കോടി രൂപയുടെ വർധനവും ഉണ്ടായിട്ടുള്ളതാണ്. 2020-21 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 10 കോടി തൊഴിൽ ദിനങ്ങൾ അടങ്ങിയ ലേബർ ബഡ്ജറ്റിന് അംഗീകാരം ലഭ്യമായതിൽ 10.23 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയുണ്ടായി. 2021-22 സാമ്പത്തിക വർഷം 7.5 കോടി തൊഴിൽ ദിനങ്ങളുടെ ലേബർ ബഡ്ജറ്റിന് അംഗീകാരം ലഭ്യമായതിൽ നാളിതുവരെ 0.99 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഒരു സാമ്പത്തിക വർഷം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ, തൊഴിൽദിന കുടിശ്ശികയായി പിന്നീട് അനുവദിച്ചു നൽകുന്നതിന് തൊഴിലുറപ്പ് നിയമത്തിൽ വ്യവസ്ഥയില്ല.

(സി) കോവിഡ് കാലത്ത് നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾക്ക് സമാശ്വാസമായി ഏതെങ്കിലും തരത്തിലുള്ള സഹായം തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല. 2019-20 സാമ്പത്തിക വർഷം മുതൽ 100 ദിവസം തൊഴിൽ ചെയ്ത കുടുംബങ്ങൾക്ക് 1000 രൂപ വീതം ഉത്സവ ബത്തയായി അനുവദിച്ചു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly